## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3350** | **21.12.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്**

### <u>കാർഷിക കടങ്ങൾക്ക് ഇളവ് നല്കൽ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് കടം നൽകുന്നത് ഉദാരമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;<br><br>(ബി) ഇതിനായി പുതിയ നിയമം കൊണ്ടു വരുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(സി) ഏതെല്ലാം കാർഷിക കടങ്ങൾക്ക് ഇളവ് നൽകാനാണ് നിയമത്തിൽ വ്യവസ്ഥയുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) (ബി) & (സി) റിസർവ് ബാങ്കും കേന്ദ്രസർക്കാരും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നിയമവ്യവസ്ഥകൾക്കും ഉള്ളിൽ നിന്ന് കൊണ്ടാണ് വാണിജ്യബാങ്കുകൾ കാർഷിക വായ്പകൾ നല്കുന്നത്. ഇത് ഉദാരമാക്കുവാൻ കേന്ദ്ര സർക്കാർ തലത്തിൽ നയപരമായ തീരുമാനം ആവശ്യമാണ്.<br>നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ ഇളവും (പരമാവധി 4%) കേന്ദ്രസർക്കാരിന്റെ പലിശ സബ്സിഡിയും നല്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്ക് വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡിയും നല്കി വരുന്നു. ഈ വായ്പകൾക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി നല്കുന്നതിനുള്ള ചട്ടങ്ങൾ പരിശോധിച്ചു വരുന്നു. |
| (ഡി) കാർഷികകടങ്ങൾക്ക് ഇളവ് നൽകുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ ? | (ഡി) കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് നിലവിൽ വന്ന 18.01.2007 നോ അതിനു മുമ്പോ കാർഷികാവശ്യത്തിനോ കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ സഹകരണ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്ക് നിശ്ചിതതീയതിക്കകം അപേക്ഷ നല്കിയിരുന്നവർക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം നല്കുന്നുണ്ട്. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31.10.11 വരെയുള്ള |

മേല്പറഞ്ഞ രീതിയിലുള്ള കടങ്ങൾ കൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണസംഘങ്ങൾ നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകി വരുന്നുണ്ട്, കൂടാതെ ഉത്തേജക പാക്കേജ് പ്രകാരം പലിശരഹിത കാർഷിക വായ്പ അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. സഹകരണബാങ്കുകൾ നൽകുന്ന ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്രസർക്കാരിന്റെ പലിശ ഇളവ് (3% വരെ) ലഭിക്കുന്നുണ്ട്

**സെക്ഷൻ ഓഫീസർ**